# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1239

10.08.2017 - ൽ മറുപടിക്ക്

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. കെ. സദാനന്ദന്റെ മകൻ ഹരിഹർ കെ. നായറിന്റെ കോക്ലിയർ ഇംപ്ലാന്റ് സർജറികൾ അടക്കമുള്ള ചികിത്സയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ, ആരോഗ്യ വകുപ്പ് അനുമതി നൽകിയ സാഹചര്യത്തിൽ, തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) & (ബി) | ചാലക്കുടി താലൂക്ക് ആഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ.സദാനന്ദൻ.കെ.-യുടെ മകന്റെ കോക്ലിയർ ഇൻപ്ലാന്റ് സർജറി നടത്തുന്നതിനായി 03.10.2015 ലെ ജി.ഒ.(ആർ.ടി) 5382/2015/ആർ.ഡി ഉത്തരവ് പ്രകാരം 5,50,000/- രൂപ പലിശരഹിത ചികിത്സാ വായ്പ അനുവദിച്ചിരുന്നു.ആയത് ക്രമപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 9,47,518 രൂപ ചെലവായതിൽ 5,50,555/- രൂപ മാത്രമാണ് അനുവദനീയമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ മകന്റെ ചികിത്സയ്ക്ക് 9,47,518 രൂപ ചെലവായതായും കുടുംബത്തിന്റെ ഏക ആശ്രയം തന്റെ ശമ്പളം മാത്രമായതിനാൽ പലിശ രഹിത വായ്പ സംഖ്യ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിൽ കുറവ് ചെയ്ത് ബാക്കി ചെലവായ മുഴുവൻ തുകയും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.സദാനന്ദൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.ഈ വിഷയം REV-T1/223/2017-REV നമ്പർ ഫയലിൽ നടപടി തുടരുന്നതും അനുമതിയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ